Sri. Panampilli Govinda Menon :

(*a*) The pay authorisation issued by the Controller of Emigrant Labour, Shillong was received on 4th June 1949.

(*b*) A report regarding the dependants of the deceased was received in the Office of the Accountant General from the Tahsildar, Shertallai on 10th February 1950.

(*c*) Immediate arrangements have been made for the payment.

Questions posted for answer on 11th March 1950

231. [1] **Sri. D. Ganasigamony :** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(*a*) the total number of applications received for licence to use liquor; and

(*b*) the number of licences thus granted ?

Sri. N. Kunjuraman :

(*a*) 66.

(*b*) 61.

സഹകരണ പ്രചരണം

൨൩൨. (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) സഹകരണപ്രസ്ഥാനത്തിന്റെ പ്രചരണത്തിനായി ൧൯൪൯, ൧൯൫൰, ൧൯൫൧ എന്നീ വർഷങ്ങളിൽ എത്ര രൂപ ചെലവു ചെയ്തു ;

(ബി) ആ തുകകൾ ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ എവിടെയെല്ലാം നടത്തി ;

(സി) ഇതിൽ പ്രധാന പ്രവർത്തകർ ആരെല്ലാമായിരുന്നു ; അവർ ഓരോരുത്തരും പറഞ്ഞ തുക എന്ത് ;

(ഡി) ഈ പ്രചരണത്തിന്റെ പേരിൽ പണം പറഞ്ഞവരിൽ ഏറ്റവും കൂടുതൽ തുക പറഞ്ഞ ആദ്യപേരുടെ പേരും തുകയും സദയം പ്രസ്താവിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) പ്രചരണത്തിനു പ്രത്യേകമായി ഇൻസ്റ്റിറ്റ്യൂട്ടിനു ൧൯൪൯, ൧൯൫൰, ൧൯൫൧ ഈ വർഷങ്ങളിൽ യാതൊരു തുകയും ഗവൺമെന്റു ബഡ്ജറ്റിൽ ചെലവു് അനുവദിച്ചിട്ടില്ല.

(ബി) എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റുവരവുകളിൽനിന്നും വിദ്യാഭ്യാസം, പ്രചരണം, മാസിക, വാരികപ്രവർത്തനങ്ങൾ, പരിശോധന മുതലായവ നടത്തിയിട്ടുണ്ടു്. നടത്തിയ പ്രചരണയോഗങ്ങളെയാണു് ഈ ചോദ്യം സ്പർശിക്കുന്നതെങ്കിൽ ൧൯൫൰-ൽ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, കൊട്ടാരക്കര, കൊല്ലം, കോട്ടയം, ചങ്ങനാശേരി, പീരുമേടു് ഈ താലൂക്കുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശമനുസരിച്ചു് പ്രചരണയോഗങ്ങൾ നടത്തിയിട്ടുണ്ടു്.

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡംഗങ്ങളും ഓരോ താലൂക്കിൽ പ്രവർത്തിക്കുന്ന ഐക്യസംഘഭാരവാഹികളും യോഗങ്ങൾ നടക്കുന്ന സ്ഥലത്തെ പ്രധാന സഹകരണപ്രവർത്തകരുംകൂടി ചേർന്നാണു് യോഗങ്ങൾ നടത്തിയിട്ടുള്ളതു്. ഇതിനുവേണ്ടി ആർക്കും ഒരു തുകയും പ്രതിഫലമായി കൊടുത്തിട്ടില്ല. എന്നാൽ വാഹനകൂലി, ഉച്ചഭാഷണിക്കു കൊടുത്ത ചാർജ്ജു്, നോട്ടീസു്, ലഘുലേഖ അച്ചടിക്കൂലി മുതലായവയ്ക്കായി മൊത്തം ൧,൧൯൧ രൂ. ൧൫ ചക്രം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ചെലവായിട്ടുണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എ. ഡി. കോട്ടൺ മിൽ

൨൩൩. (൩) സാഹിബ് ബഹദൂർ എം. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെക്സ്റ്റയിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം എ. ഡി. കോട്ടൺ മില്ലിനെ സംബന്ധിച്ചു് അന്വേഷണങ്ങൾ നടത്തുവാൻ ഒരു വിദഗ്ധകമ്മിറ്റിയെ ഗവൺമെന്റു നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം ആണു് ;

(സി) ടി കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ ഉള്ളടക്കം എന്താണെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly